പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3151 15.02.2013 ലെ മറുപടിയ്ക്ക്

മാനദണ്ഡങ്ങൾ ലംഘിച്ച് താലൂക്ക് സപ്ളൈ ആഫീസർമാരെ സ്ഥലം മാറ്റുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.അനൂപ് ജേക്കബ് (ഭക്ഷ്യവും, പൊതുവിതരണവും, ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സിവിൽ സപ്ളൈസ് വകുപ്പിൽ താലൂക്ക് സപ്ളൈ ഓഫീസർമാരുടെ നിയമനത്തിനും, സ്ഥലം മാറ്റത്തിനും എന്തെങ്കിലും മാനദണ്ഡങ്ങൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ ആയത് സർക്കാർ ജീവനക്കാരുടെ സ്ഥലമാറ്റ മാനദണ്ഡമനുസരിച്ചാണോയെന്ന് വ്യക്തമാക്കുമോ; | (എ) സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റ മാനദണ്ഡങ്ങൾ അനുസരിച്ചാണ് സിവിൽ സപ്ളൈസ് വകുപ്പിലും താലൂക്ക് സപ്ളൈ ആഫീസർമാരുടെ സ്ഥലം മാറ്റം നടത്തുന്നത്. |
| (ബി) പുതുതായി ഉദ്യോഗക്കയറ്റം ലഭിക്കുന്നവരുടെ നിയമനം, നിലവിലുള്ള ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റത്തിനുള്ള അപേക്ഷ പരിഗണിച്ചശേഷം ആയിരിക്കണമെന്നുള്ള നിബന്ധന പാലിക്കാതെ എത്ര താലൂക്ക് സപ്ളൈ ഓഫീസർമാർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇവരുടെ പേര് വിവരം അറിയിക്കുമോ; | (ബി) നിലവിലെ വിവരം അനുസരിച്ച് 19 താലൂക്ക് സപ്ളൈ ആഫീസർമാർക്ക് സ്ഥലംമാറ്റ അപേക്ഷകൾ നിലവിലിരിക്കെ സ്ഥാനക്കയറ്റം നൽകി നിയമനം നൽകിയിട്ടുണ്ട്. പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1) എൻ.അബ്ദുൾ ജലീൽ<br>2) എൻ.റ്റി.അഗസ്തി<br>3) ബി.സുബൈർ<br>4) പി.കെ.അബ്ദുൾ നാസിർ<br>5) സെയ്തു ഇബ്രാഹിം<br>6) ആർ.കൃഷ്ണപിള്ള<br>7) ജി.ശശികുമാർ<br>8) പി.പി.ഡേവിഡ്<br>9) എ.അഹമ്മദ് നിസ്താർ<br>10) ഐ.ഹുസൈൻ<br>11) കെ.വി.ജോർജ്ജ്<br>12) ആർ.ബാലചന്ദ്രൻ<br>13) പി.എ.രാജ്<br>14) ആർ.ഗണേശ്<br>15) പി.എസ്.പ്രസന്നകുമാർ<br>16) പി.വി.രാമചന്ദ്രനുണ്ണി<br>17) റ്റി.രാമചന്ദ്രൻ<br>18) റ്റി.കെ.ചന്ദ്രശേഖരൻ<br>19) പി.വി.ജോർജ്ജ്. |

| | |
|---|---|
| (സി) പ്രസ്തുത മാനദണ്ഡം ലംഘിച്ച് സ്ഥലം മാറ്റുവാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | സി) ഭരണസൗകര്യം കണക്കിലെടുത്താണ് ഇത്തരം സ്ഥലം മാറ്റങ്ങൾ നടത്തിയിട്ടുള്ളത്. തുടർന്ന് വരുന്ന ഒഴിവുകളിൽ മുൻകൂറായി ലഭിക്കുന്ന അപേക്ഷകൾ പരമാവധി പരിഗണിക്കാൻ ശ്രമിച്ചു വരുന്നുണ്ട്. |
| (ഡി) സ്ഥലം മാറ്റങ്ങൾക്ക് ലഭിക്കുന്ന അപേക്ഷകൾ രജിസ്റ്റർ ചെയ്യാറുണ്ടോ; ഇതുമായി ബന്ധപ്പെട്ട റെക്കോർഡുകൾ സിവിൽ സപ്ലൈസ് ഡയറക്ടറേറ്റിൽ ലഭ്യമാണോ; വിശദാംശം അറിയിക്കുമോ? | ഡി) ഉണ്ട്. സ്ഥലമാറ്റ അപേക്ഷകളുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 81 താലൂക്ക് സപ്ലൈ ആഫീസർ തസ്തികയിൽ ഉള്ളവരുടെ സ്ഥലമാറ്റ അപേക്ഷകൾ ലഭിക്കുകയും 57 പേർക്ക് വിവിധ കാലയളവുകളിലായി സ്ഥലം മാറ്റം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ